## പതിമൂന്നാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

17.12.2015-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 3681

### നാദാപുരം മേഖലയിൽ നിലവിലുള്ള കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ.വിജയൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ നാദാപുരം മേഖലയിൽ വ്യാപാര സ്ഥാപനങ്ങൾ, വാഹനങ്ങൾ മുതലായവ തീയിട്ടു നശിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ട്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ നാദാപുരം മേഖലയിൽ വ്യാപാര സ്ഥാപനങ്ങൾ തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 12 കേസുകളും, വാഹനങ്ങൾ തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 26 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസുകളുടെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) ഇതിൽ 31 കേസുകളിൻ മേൽ അന്വേഷണം പൂർത്തിയാക്കി. 7 കേസുകളിൽ അന്വേഷണം നടന്ന് വരുന്നു. |
| (സി) പ്രതികളെ കണ്ടെത്തുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) 9 കേസുകളിൽ പ്രതികളെ കണ്ടെത്തി. മറ്റ് കേസുകളിൽ പ്രതികളെക്കുറിച്ച് വ്യക്തമായ തെളിവോ വിവരങ്ങളോ ലഭിക്കാത്തത് കൊണ്ടാണ് പ്രതികളെ കണ്ടെത്തുന്നതിൽ കാലതാമസം വരുന്നത്. |

സെക്ഷൻ ഓഫീസർ